ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.03.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി യുവജനങ്ങളാണെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ.

2. പ്രധാനമന്ത്രി നരേന്ദ്രമോദി ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയനുമായി ആശയവിനിമയം നടത്തി. പശ്ചിമേഷ്യയിലെ സമാധാനം, ഇറാനിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ എന്നിവ ചർച്ച ചെയ്തു.

3. രാജ്യ വികസനത്തിന് സമ്പദ് വ്യവസ്ഥയും പരിസ്ഥിതിയും തമ്മിലുള്ള സന്തുലിതാവസ്ഥ അനിവാര്യമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്.

4. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള നടപടിക്രമങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. ബി.എൽ.ഒ മാരുടെ ഇൻസെൻറീവ് വെട്ടിക്കുറച്ചതായുള്ള വാർത്ത അടിസ്ഥാന രഹിതമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

5. തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസം മറ്റന്നാൾ. പ്രമുഖ നേതാക്കൾ ഇന്ന് പത്രിക നല്കി.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് , പഞ്ചാബ് എഫ്.സി-യെ നേരിടും.

****************************************

RNU TVPM

## ഉപരാഷ്ട്രപതി - മഹാരാഷ്ട്ര

രാജ്യത്തിന്റെ വളർച്ചയെ നിർണ്ണയിക്കുന്നത് യുവാക്കളുടെ ശക്തിയും ഊർജ്ജവുമാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഇന്ന് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി യുവജനങ്ങളാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. മഹാരാഷ്ട്രയിലെ നാഗ്പൂരിൽ 29-ാമത് ഇന്ത്യൻ യൂത്ത് പാർലമെന്റ് ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*****************************************

## പ്രധാനമന്ത്രി - ഇറാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയനുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇറാൻ പ്രസിഡന്റിന് ഈദ്, നൗറൂസ് ആശംസകൾ അറിയിച്ച പ്രധാനമന്ത്രി, പശ്ചിമേഷ്യയിൽ സമാധാനവും സ്ഥിരതയും സമൃദ്ധിയും പുനസ്ഥാപിക്കപ്പെടട്ടെയെന്നും ആശംസിച്ചു. മേഖലയിലെ നിർണായക അടിസ്ഥാന സൗകര്യങ്ങൾക്കെതിരായ ആക്രമണങ്ങളെ അദ്ദേഹം അപലപിച്ചു. ഇറാനിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്ക് നൽകുന്ന പിന്തുണയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

RNU TVPM

*****************************************

## ഉത്തരാഖണ്ഡ് - മന്ത്രി ഭൂപേന്ദർ യാദവ്

രാജ്യവികസനത്തിന്, സമ്പദ്‌വ്യവസ്ഥയും പരിസ്ഥിതിയും തമ്മിലുള്ള സന്തുലിതാവസ്ഥ അനിവാര്യമെന്ന് കേന്ദ്ര പരിസ്ഥിതി, വനം മന്ത്രി ഭൂപേന്ദർ യാദവ്. ഈ സന്തുലിതാവസ്ഥ കൈവരിക്കുവാൻ ശാസ്ത്രാധിഷ്ഠിത സമീപനം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര വനദിനത്തോടനുബന്ധിച്ച്, ഇന്ന് ഡെറാഡൂണിൽ നടന്ന ദ്വിദിന

ദേശീയ ശിൽപശാലയുടെ ഉദ്ഘാടനയോഗത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

*****************************************

## രത്തൻ യു ഖേൽക്കർ

ബി എൽ ഒ മാരുടെ ഇൻസെന്റീവ് സംസ്ഥാനം വെട്ടികുറച്ചതായി പ്രചരിക്കുന്ന വാർത്ത അടിസ്ഥാന രഹിതമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് സമ്പൂർണ്ണ വോട്ടർ പട്ടിക പരിഷ്ക്കരണത്തിൽ പങ്കെടുത്ത ബി എൽ ഒ മാർക്ക് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ നിർദേശാനുസരണം, ഇൻസെന്റീവായി രണ്ടായിരം രൂപയാണ് നിശ്ചയിച്ചതെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. വാർഷിക വേതനമായി, ബി എൽ ഒ മാർക്ക് പന്ത്രണ്ടായിരം രൂപയും ബി എൽ ഒ സൂപ്പർവൈസർക്ക് പതിനെണ്ണായിരം രൂപയും ആണ് നിജപ്പെടുത്തിയിരിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

*****************************************

## കേരളം -നിയമസഭാ (ഇൻട്രോ)

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പണം മറ്റന്നാൾ അവസാനിക്കും. 140 നിയമസഭാ മണ്ഡലങ്ങളിലും സ്ഥാനാർത്ഥികൾ പത്രിക സമർപ്പണത്തിന്റെ തിരക്കിലാണ്. **വിശദാംശങ്ങളിലേയ്ക്ക്.......**

(വോയ്സ്)

## കേരളം -നിയമസഭാ (വോയ്സ്)

നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ ഇനി ഒരു പ്രവൃത്തി ദിനം മാത്രം ബാക്കിനിൽക്കെ മൂന്ന് മുന്നണികളിലെയും പ്രമുഖർ ഇന്ന് പത്രിക സമർപ്പിച്ചു. എൽ ഡി എഫ് സ്ഥാനാർത്ഥികളായി

പി എ മുഹമ്മദ് റിയാസ് ബേപ്പൂരും, വി.ശിവൻകുട്ടി നേമത്തും, വി.കെ പ്രശാന്ത് വട്ടിയൂർക്കാവും , വി.എൻ.വാസവൻ ഏറ്റുമാന്നൂരും , ജോസ് കെ മാണി പാലയിലും , ടി.പി രാമകൃഷ്ണൻ പേരാമ്പ്രയിലും , രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരും, കെ.വി.സുമേഷ് അഴിക്കോടും, കെ.ജയചന്ദ്രൻ ഉടുമ്പൻചോലയിലും , റോഷി അഗസ്റ്റിൻ ഇടുക്കിയിലും, കെ.കെ.ശൈലജ പേരാവൂരും, പി കെ ശ്യാമള തളിപ്പറമ്പിലും, കെ.ബി ഗണേഷ്കുമാർ പത്തനാപുരത്തും, വീണാജോർജ് ആറന്മുളയിലും , ജെ.ചിഞ്ചുറാണി ചടയമംഗലത്തും ഇന്ന് നാമനിർദ്ദേശ പത്രിക നല്കി. എൻ ഡി എ സ്ഥാനാർത്ഥികളായി രാജീവ് ചന്ദ്രശേഖർ നേമത്തും, നവ്യ ഹരിദാസ് കോഴിക്കോട് നോർത്തിലും , ഷോൺ ജോർജ് പാലയിലും , പി സി ജോർജ് പൂഞ്ഞാറിലും , ജോർജ് കുര്യൻ കാഞ്ഞിരപ്പള്ളിയിലും , വി.മുരളീധരൻ കഴക്കൂട്ടത്തും, പി കെ കൃഷ്ണദാസ് കാട്ടാക്കടയിലും , ഡോ.പ്രതാപ് കുമാർ കൊല്ലത്തും, ബി ബി ഗോപകുമാർ ചാത്തന്നൂരും, എസ്. രാജേന്ദ്രൻ ദേവികുളത്തും പത്രിക സമർപ്പിച്ചു. യു ഡി എഫ് സ്ഥാനാർത്ഥികളായി രമ്യ ഹരിദാസ് ചിറയിൻകീഴും, കെ.മുരളീധരൻ വട്ടിയൂർകാവും, ചാണ്ടി ഉമ്മൻ പുതുപ്പള്ളിയിലും , തിരുവഞ്ചൂർ രാധാകൃഷ്ണൻ കോട്ടയത്തും, മോൻസ് ജോസഫ് കടുത്തുരുത്തിയിലും , മാണി സി കാപ്പൻ പാലായിലും സണ്ണി ജോസഫ് പേരാവൂരും ഇന്ന് പത്രിക നല്കി. **ന്യൂസ് ഡസ്ക്, ആകാശവാണി.**

RNU TVPM

****************************************

## കൺട്രോൾ റൂം സന്ദർശിച്ചു

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിൽ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സി വിജിൽ കൺട്രോൾ റൂമിൽ ഇതുവരെ ലഭിച്ച 44 പരാതികളും പരിഹരിച്ചു. മാതൃകാ പെരുമാറ്റച്ചട്ടം, തിരഞ്ഞെടുപ്പ് ചിലവ് എന്നിവയുടെ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളാണ് സി വിജിൽ കൺട്രോൾ റൂം കൈകാര്യം ചെയ്യുക.

****************************************

## മോണിറ്ററിംഗ് കമ്മിറ്റി

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ തിരുവനന്തപുരം ജില്ലയിലെ ആദ്യ യോഗം ചേർന്നു. സോഷ്യൽ മീഡിയയിൽ വ്യാജവാർത്തകൾ വ്യാപകമായി പ്രചരിക്കാൻ സാധ്യതയുള്ളതിനാൽ നാമനിർദേശ പത്രിക നൽകിയ ശേഷം ഓരോ സ്ഥാനാർത്ഥികളുടെയും അക്കൗണ്ടുകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണെന്നും യോഗം വിലയിരുത്തി.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

*************************************

## ഐ എസ് എൽ ഫുട്ബോൾ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് , പഞ്ചാബ് എഫ് .സി-യെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 ന് കളി ആരംഭിക്കും.

*************************************

## ശബരിമല (ഇൻട്രോ)

പൈങ്കുനി ഉത്രം ഉത്സവത്തിനായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിന് തുറക്കും. 23-നാണ് ഉത്സവം കൊടിയേറുക. ഏപ്രിൽ ഒന്നിന് ഉത്സവച്ചടങ്ങുകൾ പൂർത്തിയാക്കി നട അടക്കും. വെർച്വൽ ക്യൂ ബുക്ക് ചെയ്ത് തീർഥാടകർക്ക് ദർശനം നടത്താവുന്നതാണ്.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

(വോയ്സ്)

****************************************

## അങ്കമാലി-ശബരി റെയിൽപാത

അങ്കമാലി-ശബരി റെയിൽപാത പദ്ധതിയുടെ പകുതി ചിലവ് വഹിക്കാൻ, സംസ്ഥാന സർക്കാർ തയ്യാറായതോടെ, പദ്ധതിയുമായി മുന്നോട്ട് പോകാൻ റെയിൽവേ തീരുമാനിച്ചു. ഇതോടെ പദ്ധതിയുമായി ബന്ധപ്പെട്ട ഹർജി, കേരള ഹൈക്കോടതി തീർപ്പാക്കി. ഭൂമി ഏറ്റെടുക്കൽ ചെലവുകൾ ഉൾപ്പെടെ, സംസ്ഥാന സർക്കാർ ആയിരത്തി തൊള്ളായിരം കോടി രൂപ നൽകും.

****************************************

## മീനഭരണി തൂക്ക മഹോത്സവം

കന്യാകുമാരി ജില്ലയിലെ പ്രസിദ്ധമായ കൊല്ലങ്കോട് വെങ്കഞ്ഞി വട്ടവിള ശ്രീഭദ്രകാളി ക്ഷേത്രത്തിലെ മീനഭരണി തൂക്ക മഹോത്സവം നാളെ നടക്കും. ഇതോടെ പത്തു ദിവസമായി നടന്നുവന്ന ആഘോഷങ്ങൾക്കും സമാപനമാകും.

****************************************

## കടപ്പത്രം

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 3,700 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഈ മാസം 24ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

****************************************

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

****************************************

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, പത്തനംതിട്ട, കോട്ടയം, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 37 °C വരെയും ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ താപനില 36°C വരെയും ഉയരാൻ സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNU TVPM

****************************************

## വന്ദനദാസ് കേസ്

ഡോക്ടർ വന്ദനദാസ് വധക്കേസിൽ പ്രതി സന്ദീപിന് ജീവപര്യന്തം തടവുശിക്ഷ. മറ്റ് വിവിധ കുറ്റങ്ങൾക്കായി 30 വർഷം തടവ് ശിക്ഷയുമാണ് കൊല്ലം അഡീഷണൽ സെഷൻസ് കോടതി വിധിച്ചത്. അതേസമയം, വിധി നിരാശാജനകമാണെന്നും സർക്കാർ അപ്പീൽ നൽകണമെന്നും ഐ.എം.എ പ്രസ്താവനയിൽ പറഞ്ഞു.

****************************************

## തിരുവനന്തപുരം മെഡിക്കൽ കോളേജ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലെ സർജറി ഐ.സി.യു.വിൽ ചികിത്സയിൽ കഴിഞ്ഞ അഞ്ചു രോഗികളുടെ മരണവും കഴിഞ്ഞ ദിവസമുണ്ടായ തീപിടിത്തവും കോർത്തിണക്കി മാധ്യമങ്ങളിൽ വന്ന വാർത്ത വസ്തുതാ വിരുദ്ധമെന്ന് മെഡിക്കൽ കോളേജ് അധികൃതർ. മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്ത ഫോറൻസിക് വിഭാഗം, രോഗികളുടെ മരണവും തീപിടുത്തവും തമ്മിൽ ബന്ധമില്ലെന്നും അറിയിച്ചിട്ടുണ്ട്.

****************************************

## അധികൃതർ പിടികൂടി

രേഖകളില്ലാതെ കൊണ്ടുപോവുകയായിരുന്ന അഞ്ച് ലക്ഷത്തി 59,000 രൂപ കണ്ണൂർ ജില്ലയിൽ നിന്നും അധികൃതർ പിടികൂടി. ജില്ലയിലെ 11 മണ്ഡലങ്ങളിൽ നിന്ന് 5.06 ലക്ഷം രൂപ മൂല്യം വരുന്ന 2270.40 ലിറ്റർ മദ്യവും 21.75 ലക്ഷം രൂപയുടെ ലഹരി പദാർത്ഥങ്ങളും 18.63 ലക്ഷം രൂപ മൂല്യമുള്ള മറ്റു വസ്തുക്കളും പിടിച്ചെടുത്തു. ആകെ 51.04 ലക്ഷം രൂപയാണ് പിടിച്ചെടുത്തവയുടെ മൂല്യം.

RNU TVPM

****************************************

## ലക്ഷദ്വീപ് - ചെറിയ പെരുന്നാൾ

ലക്ഷദ്വീപിൽ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു. രാവിലെ ഖത്തീബ് മുഹമ്മദ് സഖാഫിയുടെ നേതൃത്വത്തിൽ കവരത്തി ജുമാ മസ്ജിദിൽ പെരുന്നാൾ നിസ്ക്കാരം നടന്നു. ലോക സമാധാനത്തിനായി പ്രാത്ഥിക്കണമെന്നും ഭാരതത്തിൻ്റെ അഖണ്ഡതയ്ക്കായി നിലകൊള്ളണമെന്നും അദ്ദേഹം വിശ്വാസികളെ ആഹ്വാനം ചെയ്തു.

****************************************

## ഓൾഡ് ഹാർബർ പാലം

കൊച്ചിൻ പോർട്ട് അതോറിറ്റിയിൽനിന്നും ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റിയിലേക്കുള്ള ജലസേചന പൈപ്പ് കണക്ഷന്റെ ഭാഗമായി നാളെ ഓൾഡ് ഹാർബർ പാലം അടച്ചിടും. രാവിലെ 8 മുതൽ വൈകിട്ട് 6 വരെ പാലം വഴിയുള്ള ഗതാഗതവും നിരോധിച്ചിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

***************************************************************************************
***************************************

RNU TVPM